നം.ഇ.എസ് 5-67854/2019/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 25.5.2020

## നോട്ടീസ്

വിഷയം:-ആരോഗ്യവകുപ്പിൽ ജെ.പി.എച്ച്.എൻ ഗ്രേഡ്.I വിഭാഗം ജീവനക്കാരുടെ സീനിയോറിട്ടി പുന: നിർണ്ണയം-സംബന്ധിച്ച്-

സൂചന:-1) GO(Rt) No.595/2020/H&FWD dt.TVM 18.3.2020.
2) ഉത്തരവ് നമ്പർ ഇ.എസ് 5/32284/17/ആ.വ.ഡ തീയതി 6.12.18.

*****

ആരോഗ്യവകുപ്പിൽ പത്തനംതിട്ട ജില്ലയിൽ പ്രമാടം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്.1 ആയി ജോലിചെയ്തുവരുന്ന ശ്രീമതി.രമ.റ്റി, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്.1 വിഭാഗം ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ടിയാൾക്ക് നിലവിലുള്ള സ്ഥാനം പുന: ക്രമീകരിക്കേണ്ടതിനായി ബഹു.കെ.എ.റ്റിയിൽ OA.No.1246/2019 നമ്പറായി കേസ് ഫയൽ ചെയ്തിരുന്നു.

ബഹു.കെ.എ.റ്റി OA.No.1246/2019 നമ്പർ കേസിൻ മേൽ 25.6.2019-ന് അന്തിമ വിധി പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിധിയനുസരിച്ച് ബഹു.ഗവൺമെന്റ് ടിയാളെ നേരിട്ടുകേൾക്കുകയും, ടിയാളുടെ സേവന വിവരങ്ങളും അനുബന്ധ രേഖകളും വിശദമായി പരിശോധിച്ച് മേൽ സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. ടി സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്നത് പ്രകാരം ശ്രീമതി.രമ.റ്റി-യുടെ പരാതിയിൽ മേൽ നടപടിയും, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് വിഭാഗം ജീവനക്കാരുടെ സീനിയോറിട്ടി നിശ്ചയിച്ചിരിക്കുന്നതിൽ പുന:ക്രമീകരണം ആവശ്യമുള്ളവർക്ക് നോട്ടീസ് നൽകണമെന്നുമാണ്. ഇതിന്റെ അടിസ്ഥാനത്തിലും ബഹു: കേരളാ ഹൈക്കോടതിയുടെ ഒ.പി(കെ.എ.റ്റി) നം.74/2017,ഒ.പി (കെ.എ.റ്റി) നം.211/07 കേസിൻ മേൽ 11.10.2017-ലെ വിധിന്യായവും, ബഹു.കെ.എ.റ്റി, ഒ.എ നം.1070/14 നമ്പർ കേസിൻ മേൽ 11.12.2017-ലെ വിധിന്യായ പ്രകാരവും ജില്ലാതല നിയമനം നേടി ജോലിയിൽ തുടർന്നുവരവെ അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിച്ചാലും പ്രസ്തുത സ്ഥലംമാറ്റം ലഭിക്കുന്നതിന് മുമ്പ് ടിയാൾക്ക് ഒന്നാം ഗ്രേഡ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടെങ്കിൽആയത് പരിഗണിച്ച് സ്ഥാനക്കയറ്റത്തിന്റെ തീയതി നിശ്ചയിക്കണമെന്നതിന്റെ അടിസ്ഥാനത്തിലും നിലവിലെ സീനിയോറിട്ടി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാനത്തിന്, പുന: ക്രമീകരണത്തിന് അർഹതയുണ്ടെന്ന് ബോധ്യമുള്ള ജീവനക്കാർ താഴെ പറയുന്ന രേഖകൾ

(1) പി.എസ്.സി അഡ്വൈസിന്റെ പകർപ്പ്
(2) നിയമന ഉത്തരവിന്റെ പകർപ്പ്
(3) പ്രൊഫോർമ ഫോർ അപ്പീൽ
(4) പ്രൊബേഷൻ ഡിക്ലറേഷൻ ഉത്തരവിന്റെ പകർപ്പ്
(5) വിശദമായ അപേക്ഷയും അതാത് ജില്ലാ മെഡിക്കൽ ആഫീസർ മുഖാന്തിരം അനന്തര നടപടികൾക്കായി 2020 ജൂൺ മാസം 30-നകം ആരോഗ്യവകുപ്പ് കാര്യാലയത്തിൽ അയച്ചുതരേണ്ടതാണ്.

ഡോ.സെമീറ.എ,
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ(എ & റ്റി)

സ്വീകർത്താവ്

ജില്ലാ മെഡിക്കൽആഫീസർ(ആരോഗ്യം),
തിരുവനന്തപുരം/ കൊല്ലം/ പത്തനംതിട്ട/ ആലപ്പുഴ/ കോട്ടയം / ഇടുക്കി
എറണാകുളം/ തൃശ്ശൂർ/ പാലക്കാട്/ മലപ്പുറം/ കോഴിക്കോട്/ വയനാട്/ കണ്ണൂർ
കാസർഗോഡ്.
(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)

വി.എം-

/ഉത്തരവിൻ പ്രകാരം//
സീനിയർ സൂപ്രണ്ട്